# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 78 11.06.2012- ൽ മറുപടിക്ക്**

## ചേർത്തല മേഖലയിലെ തുറമുഖ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നതിനുശേഷം ചേർത്തല മണ്ഡലത്തിൽ തുറമുഖ വകുപ്പിനു കീഴിൽ വരുന്ന ഏതെല്ലാം വികസന പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചു; പ്രസ്തുത പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി; വിശദമാക്കുമോ; | (എ) | തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട് ചേർത്തല മണ്ഡലത്തിൽ വികസന പ്രവർത്തനങ്ങൾ ഒന്നും നടപ്പിലാക്കുന്നില്ല. |
| (ബി) | കടലോര മേഖലകളുടെയും ഉൾനാടൻ ജലമേഖലകളുടെയും വികസനം ലക്ഷ്യമിട്ട് തുറമുഖ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഇത്തരം പദ്ധതികൾ ഏതെങ്കിലും ചേർത്തല മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | കടലോര മേഖലകളുടെയും ഉൾനാടൻ ജലമേഖലകളുടെയും വികസനം ലക്ഷ്യമിട്ട് തുറമുഖ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.<br>1. മാരിടൈം ഇൻസ്റ്റിട്യൂട്ട് സ്ഥാപിക്കൽ<br>2. കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി<br>3. ഡ്രൈ ഡോക്ക് സൗകര്യം ഒരുക്കൽ<br>4. സ്വീവേജ് പ്ലാൻ<br>5. എൻവയോൺമെന്റ് സ്റ്റഡി<br>6. ചാനൽ മാർക്കിംഗ് ബോയ സ്ഥാപിക്കൽ<br>7. ഡൈവിംഗ് പരിശീലനം<br>8. തുറമുഖങ്ങളുടെ വികസനം |

9 ഡ്രഡ്ജിംഗ്
10. ഐ.എസ്.പി.എസ്. കോഡ് നടപ്പിലാക്കൽ
11. ഉൾനാടൻ ജലപാതയിലൂടെയുള്ള ചരക്ക് ഗതാഗതം ടൂറിസ്റ്റ് പദ്ധതികൾ, ജലമലിനീകരണ നിയന്ത്രണ പദ്ധതികൾ തുടങ്ങിയവ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ഇതിൽ ഡ്രൈഡോക്ക് സൗകര്യം, സ്വീവേജ് പ്ലാന്റ്, എൻവയോൺമെന്റ് സ്റ്റഡി, ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിക്കുക തുടങ്ങിയ പദ്ധതികൾ വേമ്പനാട് തടാകവുമായി ബന്ധപ്പെട്ടാണ് ആവിഷ്കരിച്ചിരിക്കുന്നത്.

(സി) സുനാമി പോലുള്ള അടിയന്തിര ഘട്ടങ്ങളിൽ തീരദേശ നിവാസികൾക്ക് ഉപയോഗിക്കത്തക്ക രീതിയിൽ റോഡുകളുടെ നിർമ്മാണം, നവീകരണം, വീതി കൂട്ടൽ, പുതിയ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം മുതലായ ഏതെല്ലാം പ്രവൃത്തികൾ ഈ സർക്കാർ വന്നതിനുശേഷം തുറമുഖ വകുപ്പിനു കീഴിൽ ചേർത്തല മണ്ഡലത്തിൽ ചെയ്തു എന്നു വ്യക്തമാക്കുമോ?

(സി) തുറമുഖ വകുപ്പു മുഖാന്തിരം പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നില്ല. എന്നാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പു മുഖേന കോസ്റ്റൽ റോഡിന്റെ പുനരുദ്ധാരണത്തിൽപ്പെടുത്തി ചേർത്തല മണ്ഡലത്തിൽ ചുവടെ പറയുന്ന നാലു റോഡുകൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക |
| --- | --- |
| 1) വയലാർ പഞ്ചായത്തിലെ കളവംകോടം (ശാക്തിശ്വരം) കുന്നത്തുകടവു റോഡ് | -13 ലക്ഷം |
| 2) കടക്കര പഞ്ചായത്തിലെ | |

ഗുരുമന്ദിരം -
നീലവേലിച്ചിറ
റോഡ് -26 ലക്ഷം

3) പട്ടണക്കാട്
പഞ്ചായത്തിലെ
മാതൃകാറോഡ് - 40.60 ലക്ഷം

4) അരുകുറ്റി
പഞ്ചായത്തിലെ
മധുരക്കുളം -
മംഗലശ്ശേരി
റോഡ് - 33.60 ലക്ഷം

മേൽപ്പടി റോഡുകളുടെ
ദർഘാസ് നടപടികൾ
പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ